ICDS-A4 /9321/14

സാമൂഹ്യനീതി ഡയറക്ടറേറ്റ് അനക്സ്
സോഷ്യൽ വെൽഫയർ ഭവൻ,പൂജപ്പുര
തിരുവനന്തപുരം- കേരളം-695012
ഫോൺ:0471-2346508ഫാക്സ്-2346534
ഇ -മെയിൽ: swdicds@gmail.com

തീയതി:6.5.2017

## പരിപത്രം

വിഷയം:-സാമൂഹ്യനീതി വകുപ്പ്-ഐ.സി.ഡി.എസ് - എം.ഐ.എസ്.രജിസ്റ്ററുകളുടെ ഉപയോഗം-ഐ.സി.ഡി.എസ് -മീറ്റിംഗുകൾ-സമയക്രമം പാലിച്ച്-നടത്തുന്നത്-സംബ:

സൂചന:-3.4.17 ലെ ICDS-A4/9321/14 നം. പരിപത്രം

മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം (എം.ഐ.എസ്) രജിസ്റ്ററുകളുമായി ബന്ധപ്പെട്ട് അങ്കണവാടി വർക്കർമാർക്ക് സെക്ടർ /പ്രോജക്ട് തലത്തിൽ 20.4.2017 നകം പരിശീലനം പൂർത്തിയാക്കി ടി രജിസ്റ്ററുകൾ ഉപയോഗത്തിൽ വരുത്തുന്നതിനുമുള്ള നിർദ്ദേശം സൂചനപ്രകാരം നൽകിയിട്ടുള്ളതാണ്.

എം.ഐ.എസ്. പ്രകാരമുള്ള പുതിയ രജിസ്റ്ററുകൾ ഉപയോഗിച്ചു തുടങ്ങിയ സാഹചര്യത്തിൽ ഐ.സി.ഡി.എസ്.റിപ്പോർട്ടിംഗ് കലണ്ടർമാസ പ്രകാരം (ഓരോ മാസത്തേയും ആദ്യത്തെ പ്രവർത്തി ദിവസം മുതൽ അവസാന പ്രവൃത്തി ദിവസം വരെ)നടത്തേണ്ടതാണ്.പ്രോജക്ട് തല സൂപ്പർവൈസർമാരുടെ മീറ്റിംഗ് അവസാന പ്രവൃത്തി ദിവസവും സെക്ടർ തല മീറ്റിംഗുകൾ തൊട്ടടുത്ത മാസത്തെ ആദ്യത്തെ രണ്ട് പ്രവൃത്തി ദിവസങ്ങളിലായി നടത്തേണ്ടതാണ്. പ്രോജക്ട് തല പ്രതിമാസ റിപ്പോർട്ടുകൾ അഞ്ചാമത്തെ പ്രവൃത്തി ദിവസത്തിനകം ജില്ലാപ്രോഗ്രാംഓഫീസർമാർക്ക് സമർപ്പിക്കേണ്ടതും ജില്ലാതല പ്രതിമാസ റിപ്പോർട്ടുകൾ 10-മത്തെ പ്രവൃത്തി ദിവസത്തിനകം സാമൂഹ്യനീതി ഡയറക്ടർക്ക് സമർപ്പിക്കേണ്ടതുമാണ്. ഐ.സി.ഡി.എസ് ന്റെ പ്രതിമാസ റിപ്പോർട്ടിലെ വിവരങ്ങളും RRS പ്രകാരമുള്ള റിപ്പോർട്ടിലെ വിവരങ്ങളും ഒന്നു തന്നെയാണെന്ന് ശിശുവികസന പദ്ധതി ഓഫീസർമാർ ഉറപ്പുവരുത്തേണ്ടതാണ്. SNP യുടേത് ഉൾപ്പെടെയുള്ള ത്രൈമാസ റിപ്പോർട്ടുകൾ തയ്യാറാക്കുന്ന സമയത്തും ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്.

സാമൂഹ്യനീതി ഡയറക്ടർ ഒപ്പ്